"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 - അരുവിക്കര ഫാർമേഴ്സ്സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.റ്റി.603 (തിരുവനന്തപുരം) ന് ധനസഹായം അനുവദിക്കുന്നത്- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.40/2024/Co-Op തീയതി,തിരുവനന്തപുരം, 19-01-2024

---

പരാമർശം:- 1. 16/11/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം

2. സഹകരണ സംഘം രജിസ്ട്രാറുടെ പി& എം .എ (5) 8244/2023 നം കത്ത്

**ഉത്തരവ്**

അരുവിക്കര ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.റ്റി.603 (തിരുവനന്തപുരം) ന് "സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" പ്രകാരം ബാങ്കിന് നേരിട്ടും SHG ഗ്രൂപ്പുകളിലൂടെയും അഗ്രികൾച്ചറൽ നഴ്സറി, അഗ്രി ലേബർ ബാങ്ക് കം സർവ്വീസ് സെന്റർ, അപ്ഗ്രഡേഷൻ ഓഫ് റൂറൽ അഗ്രി മാർക്കറ്റ്, അഗ്രി ഇൻപുട്ട് പ്രൊഡക്ഷൻ സെന്റർ,ഫുഡ് പ്രോസ്സസിംഗ് എന്നിവയ്ക്കായി 64.13 ലക്ഷം രൂപ (അറുപത്തിനാല് ലക്ഷത്തി പതിമൂവായിരം രൂപ മാത്രം) ധനസഹായം, 2023-24 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നത് സംബന്ധിച്ച പ്രപ്പോസൽ 16/11/2023 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അരുവിക്കര ഫാർമേഴ്സ്സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.റ്റി.603 (തിരുവനന്തപുരം) ന് "സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" പ്രകാരം ബാങ്കിന് നേരിട്ടും SHG ഗ്രൂപ്പുകളിലൂടെയും അഗ്രികൾച്ചറൽ നഴ്സറി, അഗ്രി ലേബർ ബാങ്ക് കം സർവ്വീസ് സെന്റർ, അപ്ഗ്രഡേഷൻ ഓഫ് റൂറൽ അഗ്രി മാർക്കറ്റ്, അഗ്രി ഇൻപുട്ട് പ്രൊഡക്ഷൻ സെന്റർ, ഫുഡ്

പ്രോസ്സസിംഗ് എന്നിവയ്ക്കായി 64.13 ലക്ഷം രൂപ (അറുപത്തിനാല് ലക്ഷത്തി പതിമൂവായിരം രൂപ മാത്രം) ധനസഹായം, 2023-24 സാമ്പത്തികവർഷത്തിൽ ചുവടെ പറയും പ്രകാരം അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | കാലാവധി |
|---|---|---|---|
| 1 | 2425-107-59 സബ്സിഡി | 30,78,240 | 31/03/2024 |
| 2 | 4425-107-79 ഓഹരി | 26,93,460 | 31/03/2024 |
| 3 | 6425-107-68 വായ്പ | 6,41,300 | 31/03/2024 |

3 . കോ-ഓപ്പറേറ്റീവ് ഇനീഷ്യേറ്റീവ് ഇൻ ടെക്നോളജി അഗ്രികൾച്ചർ (CITA) യുടെ കീഴിലുള്ള എല്ലാ പ്രോജക്റ്റുകളുടെയും നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും ഡോക്യുമെന്റേഷൻ നടത്തേണ്ടതും പദ്ധതി നടപ്പാക്കുന്നതിന്റെ ഓരോ ഘട്ടത്തിലും അടിസ്ഥാന ഡാറ്റാ എൻട്രി നടത്തേണ്ടതുമാണ്.

4. CITA യുടെ കീഴിലുള്ള എല്ലാ പദ്ധതികളുടെയും നടത്തിപ്പ് ഘട്ടം ഘട്ടമായി അവസാനം വരെ (സാമ്പത്തിക സഹായത്തിന്റെ തിരിച്ചടവ് ഉൾപ്പെടെ) സഹകരണ സംഘം രജിസ്ട്രാർ നിരീക്ഷിച്ച് വിലയിരുത്തേണ്ടതും മൂന്ന് മാസത്തിലൊരിക്കൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

5. ഗവൺമെന്റ് ഫണ്ടിൽ നിന്നുള്ള എല്ലാ നിർമ്മാണങ്ങളിലും സർക്കാരിന്റെയും സഹകരണ വകുപ്പിന്റെയും ലോഗോയും വിവരണവും ഉൾപ്പെടുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർ ഉറപ്പാക്കേണ്ടതാണ്.

6. CITA യ്ക്ക് കീഴിലുള്ള എല്ലാ പദ്ധതികൾക്കും ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതും, ടെൻഡർ സംബന്ധിച്ചും ഉള്ള എല്ലാ നടപടിക്രമങ്ങളും സുതാര്യമായിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 19-01-2024 14:05:57

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ ക്ക് .